**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4166** **03-03-2023 - ൽ മറുപടിയ്ക്ക്**

**തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ജോലി ഭാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി ആർ മഹേഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശ സ്വയംഭരണ വകുപ്പിൽ വാർഷിക പദ്ധതി, എം.എൽ.എ-മാരുടെ ആസ്തി / പ്രത്യേക വികസന പദ്ധതി, എം.പി-മാരുടെ പ്രാദേശിക വികസന പദ്ധതി തുടങ്ങിയ മരാമത്ത് പ്രവൃത്തികളുടെ നിർവഹണം, പൊതുജനങ്ങൾക്ക് നൽകി വരുന്ന ബിൽഡിംഗ് പെർമിറ്റ്, മൂല്യനിർണ്ണയം അടക്കമുള്ള വിവിധ സേവനങ്ങൾ എന്നിവ നിർവഹിക്കുന്നത് വഴി എഞ്ചിനീയറിംഗ് വിഭാഗത്തിന് അമിത ജോലി ഭാരമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എഞ്ചിനീയറിങ് വിഭാഗത്തിന്റെ ജോലിഭാരം സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള ഔദ്യോഗിക പഠനങ്ങൾ നടത്തിയിട്ടുണ്ടോ; ജോലി ഭാരം കുറയ്ക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | (ബി) | തദ്ദേശസ്വയംഭരണ വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗത്തിൽ ജീവനക്കാരുടേയും തസ്തികകളുടേയും കുറവു മൂലം നിലവിലുള്ള ജീവനക്കാർക്ക് അമിത ജോലി ഭാരമുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിലും ഇതു സംബന്ധിച്ച് പഠനങ്ങളൊന്നും നടത്തിയിട്ടില്ല. വകുപ്പിലെ ജോലി ഭാരം കുറയ്ക്കുന്നതിനായി എല്ലാ വിഭാഗത്തിലും വിവരസാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ